LIBRARY ARCHIVES Kerala Legislative Assembly

4. സി.എച്ച്.സി., കല്ലറ

പാർട്ട്ടൈം സ്വീപ്പർ - I

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II - I

5. സി.എച്ച്.സി., പാലോട്

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II - 2

6. സി.എച്ച്.സി., കന്യാകുളങ്ങര

ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II - 2

ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് II - 1

ഹെൽത്ത് സൂപ്പർവൈസർ - 1

7. പി.എച്ച്.സി., ആനാട്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് I - 1

8. പി.എച്ച്.സി., വെമ്പായം

ഓഫീസ് അറ്റന്റന്റ് - 1

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻട്രി കേഡറിലെ ഒഴിവുകൾ (ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II, പാർട്ട്ടൈം സ്വീപ്പർ ഒഴികെ) മറ്റുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II-ന്റെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നികത്തുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു.

സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

97 (786) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ (എൻട്രി കേഡർ) എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) എൻടി കേഡറിൽ കൊല്ലം, വയനാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, ഇടുക്കി അടക്കം 8 ജില്ലകളിൽ തന്നെ 208 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളുണ്ട് 'എന്ന് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മറുപടി നൽകിയിട്ടുള്ളതായി അറിയുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) നിലവിലുള്ള അസിസ്റ്റന്റ് സർജൻ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ട് ; പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ ഇതുവരെ അഡ്വൈസ് ചെയ്തിട്ടുണ്ട് ?

(ഇ) അഡ്വൈസ് ചെയ്ത എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവരുടെ എൻ.ജെ.ഡി. (Not Joining Duty) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എത്ര എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിലവിൽ എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉള്ളത്;

(എഫ്) അടിയന്തര ആവശ്യത്തിന് എഴുത്തുപരീക്ഷ ഒഴിവാക്കി ഇന്റർവ്യൂ മാത്രം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടും അതിൽ നിന്ന് ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണ് ;

(ജി) പ്രസ്തുത തസ്തികയിലേക്ക് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; പരീക്ഷ നടത്തിയിട്ടുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റ് നിൽക്കുകയും അവയിൽ നിന്ന് ഒഴിവുകൾ നികത്താതിരിക്കുകയും, പ്രസ്തുത തസ്തികയിലേക്ക് തന്നെ പുതിയതായി അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ് ; ഇതിനുള്ള കാരണം വിശദമാക്കുമോ ; കഴിഞ്ഞ മാസങ്ങളിൽ വിരമിച്ച സ്പെഷ്യാലിറ്റി കേഡറിലെ 410 ഓളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്താൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രൊമോഷൻ ത്വരിതപ്പെടുത്താൻ ഉണ്ടായിരുന്ന DHS ലെ സ്പെഷ്യൽ വിംഗ് പിരിച്ചുവിട്ടത് എന്തടിസ്ഥാനത്തിലാണ് ; ഇത് പുനഃസ്ഥാപിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിൽ 170 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം	- 5
പത്തനംതിട്ട	- 8
ആലപ്പുഴ	- 10
കോട്ടയം	- 8
ഇടുക്കി	- 18
എറണാകുളം	- 8
തൃശ്ശൂർ	- 13
പാലക്കാട്	- 10
മലപ്പുറം	- 5
വയനാട്	- 12
കണ്ണൂർ	- 39
കാസർഗോഡ്	- 34

(ബി) അറിയാം.

(സി) ചെയ്തിട്ടുണ്ട്.

(ഡി&ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2016 വരെയുണ്ട്. 1541 പേർക്ക് ഇതുവരെ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. അതിൽ 457 പേർ സർവ്വീസിൽ പ്രവേശിക്കുകയും, 564 പേർ എക്സ്റ്റൻഷൻ വാങ്ങുകയും, 520 പേർ എൻ.ജെ.ഡി. ആകുകയും ചെയ്തിട്ടുണ്ട്.

(എഫ്) നിലവിൽ പി.എസ്.സി. നൽകിയിട്ടുള്ള ലിസ്റ്റിൽനിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നടത്തിവരികയാണ്.

(ജി) പുതിയ അപേക്ഷ 547/14 കാറ്റഗറി നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം ക്ഷണിച്ചിട്ടുണ്ട്. 25-4-2015-ന് ടി തസ്തികയിലേക്ക് പരീക്ഷ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, LDC, LGS, Assistant in Secretariat / PSC, പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിങ്ങനെ പൊതുജനങ്ങൾക്ക് അവശ്യസേവനം ലഭ്യമാക്കേണ്ടതും, റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത കാരണത്താൽ നിയമന ശിപാർശ നടക്കാതിരുന്നാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ തസ്തികകളിൽ ഇടതടവില്ലാതെ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുക എന്ന പി.എസ്.സി.-യുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായാണ് ടി തസ്തികയ്ക്ക് പുതിയ വിജ്ഞാപനം പി.എസ്.സി. പുറപ്പെടുവിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഡോക്ടർമാരുടെ പ്രൊമോഷൻ ത്വരിതപ്പെടുത്തുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ എച്ച്.ആർ. സെൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly